DESPATCHED
23/06/2020

20/03/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 347*(2)/2019/എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **3743**/*എസ്.ഐ.സി-ജി 6/19*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.റജിമോൻ,
കാരേച്ചിറ, തിരുമലഭാഗം പി.ഒ.,
പിൻ – 688 570. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
വില്ലേജ് ഓഫീസർ,
തുറവൂർ തെക്ക് വില്ലേജ് ഓഫീസ്,
തുറവൂർ.

2. അപ്പീൽ അധികാരി&
തഹസിൽദാർ(ഭൂരേഖ),
തിരുവനന്തപുരം – 695 001.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 22.09.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20.10.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 29.10.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 07.12.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 06.03.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 08.03.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 26.10.2019 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, ആലപ്പുഴ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. റെജിമോൻ, 06.03.2019ന്

സമർപ്പിച്ച അപ്പീൽ ഹർജി 08.03.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.347(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ഓഫീസിൽ നേരിട്ട് ഹാജരായി രേഖകൾ പരിശോധിക്കാമെന്ന് ഒന്നാം എതിർകക്ഷി നൽകിയ മറുപടി അപ്പീൽ അധികാരി ശരിവച്ചിരിക്കുകയാണെന്നും ഇത്തരത്തിൽ വളരെ നിരുത്തര വാദപരമായും തെറ്റായ തീയതി രേഖപ്പെടുത്തിയും അപ്പീൽ തീർപ്പാക്കിയെന്നും ആകയാൽ ശരിയായ വിവരങ്ങൾ നൽകുന്നതിന് വീഴ്ച വരുത്തിയ ഉദ്യോഗ സ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 22.09.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, തുറവൂർ തെക്ക് വില്ലേജിൽ Sy No.250/IA യിൽ തുറവൂർ തിരുമല ദേവസ്വത്തിന് T.P.No.2 ൽ എത്ര വിസ്തീർണ്ണമുള്ള വസ്തുവാണ് ഉള്ളതെന്നും ടി വസ്തുവിന് തിരുമല ദേവസ്വം ഏതൊക്കെ വസ്തുവിന് കരം ഒടുക്കുന്നുണ്ടെന്നും എത്ര വസ്തീർണ്ണമെന്നും തുടങ്ങി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 20.10.2018ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 29.10.2018ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 07.12.2018ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപ്പീലിന്മേൽ ഹർജിക്കാരന് വിചാരണയ്ക്ക് വിളിക്കുകയും ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു. ഹർജിക്കാരൻ വിചാര ണയ്ക്ക് ഹാജരാകുകയും റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവര ങ്ങൾ ഹർജിക്കാരന് നൽകിയിട്ടുള്ളതാണെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ ബന്ധപ്പെട്ട ഓഫീസിൽ നിന്നും തണ്ടപ്പേർ രജിസ്റ്റർ പരിശോധിച്ച് ടിയാന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കാവുന്നതാണ് എന്ന് ഹർജിക്കാരന് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുക ക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധി തമായി മറുപടി നൽകിയിട്ടുള്ളതായി കമ്മീഷനു ബോധ്യമാകുന്നു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിലെ 3, 4 എന്നീ ഇനങ്ങൾക്ക് വ്യക്തമായ മറുപടി ലഭിച്ചില്ലെന്നും തണ്ടപ്പേർ രജിസ്റ്റർ പരിശോധിച്ച് ആവശ്യമായ വിവരങ്ങൾ പരി ശോധിക്കാമെന്ന് പറഞ്ഞ് അപ്പീൽ തീർപ്പാക്കിയെന്നും ക്രമനമ്പർ 3, 4 എന്നി

വയ്ക്ക് വിവരം ലഭ്യമല്ല എന്നാണ് മറുപടി നൽകിയതെന്നും ടിയാൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, പ്രസ്തുത ഭൂമി ദേവസ്വത്തിന്റേതാണെന്നും എങ്ങനെ പട്ടയം ലഭിച്ചുവെന്ന് അറിയാൻ കഴിഞ്ഞില്ലെന്നും പല കൈവശക്കാരുടെ വസ്തുവാണെന്നും തണ്ടപ്പേർ രജിസ്റ്റർ പരിശോധിച്ചാൽ ഭാഗികമായ മറുപടി ലഭ്യമാകുമെന്നും തണ്ടപ്പേർ രജിസ്റ്റർ പരിശോധിക്കാനാണ് അപ്പീൽ അധികാരിയും ആവശ്യപ്പെട്ടതെന്നും ഹർജിക്കാരന്റെ അപേക്ഷയിലെ 3, 4 എന്നിവയിൽ ആവശ്യപ്പെട്ട വിവരങ്ങൾ കണ്ടുപിടിക്കാൻ പ്രയാസമായതിനാലാണ് ഓഫീസിൽ ഹാജരായി പരിശോധിക്കാൻ ആവശ്യപ്പെട്ടതെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെ അടിസ്ഥാനത്തിലും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിനാലും ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മാർച്ച് 20-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/